# 'നീതിമാനായ ദൈവം'

## സങ്കീർത്തനം 143:8

**''രാവിലെ നിന്റെ ദയ എന്നെ കേൾക്കുമാറാക്കേണമേ; ഞാൻ നിന്നിൽ ആശ്രയിക്കുന്നുവല്ലോ; ഞാൻ നടക്കേണ്ടുന്ന വഴി എന്നെ അറിയിക്കേണമേ; ഞാൻ എന്റെ ഉള്ളം നിങ്കലേക്കു ഉയർത്തുന്നുവല്ലോ.''**

ഈ സങ്കീർത്തനം ആകമാനം നോക്കിക്കഴിഞ്ഞാൽ ഇവിടെ 'എന്റെ' 'നിന്റെ' എന്നുള്ള പദപ്രയോഗങ്ങൾ എല്ലാ വരികളിലും കാണാം. അതിൽ, 'എന്റെ' എന്നുള്ള പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത് സങ്കീർത്തകന്റെ നിസ്സഹായതയെ അല്ലെങ്കിൽ ഞാൻ എന്ന ഭാവം ജീവിതത്തിൽ ഏറ്റി നടക്കുന്നവർക്ക് ഒരു താക്കീതായി കണക്കാക്കാം എന്നു വേണമെങ്കിൽ പറയാവുന്ന തരത്തിലാണ്. ആദ്യ വാക്യം തന്നെ എടുത്തുകഴിഞ്ഞാൽ അവിടെ ഇപ്രകാരം പറയുന്നു, യഹോവേ എന്റെ പ്രാർത്ഥന കേട്ടു, എന്റെ യാചനകൾക്കു ചെവി തരേണമേ, നിന്റെ വിശ്വസ്തതയാലും നീതിയാലും എനിക്കുത്തരമരുളേണമേ. ഞാൻ ആരുമല്ല, എനിക്ക് നിന്റെ അടുക്കലേക്ക് കടന്നു വന്ന് യാചിക്കാനും അപേക്ഷിക്കാനും മാത്രമേ സാധിക്കൂ എന്നുള്ള ഒരു തിരിച്ചറിവ് ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. കാരണം അത് അവനെ/അവളെ പൂർണ്ണ ദൈവാശ്രയത്തിലേക്ക് നയിക്കുന്നു.

ഒരു ദൈവപൈതലിന്റെ ഒരു ദിവസം ആരംഭിക്കുന്നത് തന്നെ ദൈവത്തിന്റെ മഹാദയയുടെ ഫലം ആണെന്നു തന്നെ വേണം പറയാൻ, കാരണം നാം രാത്രിയിൽ ഉറങ്ങി പ്രഭാതം കണ്ടുണരുവാൻ തക്കവണ്ണം നമ്മിൽ അവന്റെ ജീവന്റെ ശ്വാസം ശേഷിപ്പിച്ചിരിക്കുന്നത് അവന്റെ ദയയല്ലാതെ മറ്റെന്താണെന്നു നമുക്ക് ചിന്തിക്കുവാൻ സാധിക്കുമോ. അതു തന്നെയായിരിക്കണം സങ്കീർത്തകനെ ഇപ്രകാരം ചിന്തിക്കാൻ പ്രേരിപ്പിച്ചത്. രാവിലെ നിന്റെ ദയ എന്നെ കേൾക്കുമാറാക്കേണമേ എന്ന്. അതിനു അവൻ തന്റെ ഭാഗത്തു നിന്ന് ഒരു കാര്യവും കൂടി എടുത്തു പറയുന്നുണ്ട്, തന്റെ ആശ്രയം ദൈവത്തിലാണെന്ന്. ഇന്ന് നാം വാസ്തവത്തിൽ ചിന്തിക്കേണ്ടുന്ന ഒരു കാര്യമാണ്, നമ്മുടെ ജീവിതത്തിൽ നാം ആശ്രയം വെയ്ക്കുന്നത് ആരിലാണ് അല്ലെങ്കിൽ എന്തിലാണ്?

ഒരു ദിവസം പോകേണ്ടുന്നതും ആയിരിക്കേണ്ടുന്നതുമായ സ്ഥലങ്ങളെക്കുറിച്ചും, വഴികളെക്കുറിച്ചുമൊക്കെ വ്യക്തമായ ഒരു ധാരണയോടു കൂടിയാണ് നാം നമ്മുടെ പ്രഭാതം ആരംഭിക്കുന്നത് തന്നെ. ഇവിടെ നടക്കേണ്ടുന്ന വഴി എനിക്കു കാണിച്ചു തരേണമേ എന്നു

പറയുമ്പോൾ അത് നമ്മുടെ ജീവിതത്തിന്റെ പാത ദൈവത്തിങ്കലേക്കു തന്നെയാണോ എന്ന് ശോധന ചെയ്ത് അതിനെ നേരേയാക്കണമേ എന്നുള്ള ഒരു അഭ്യർത്ഥനയാണ്. അതിനവൻ ചെയ്യുന്നതോ അവന്റെ ഉള്ളത്തെ ദൈവത്തിനു പകരുകയും ചെയ്യുന്നു. നമ്മുടെ ഹൃദയവും മനസ്സും ദൈവത്തിനു പകർന്ന് കൊടുക്കുമ്പോൾ അവൻ അതിനെ തന്റെ ആലോചനകളാലും, തീരുമാനങ്ങളാലും നിറെക്കും എന്നുള്ളതിൽ ഒരു സംശയവുമില്ല. കാരണം അവൻ ഈ ലോകത്തിന്റെ വെളിച്ചമാണ്. ആ സത്യ വെളിച്ചം നമ്മുടെ ഉള്ളങ്ങളിലേക്ക് കടന്നു വന്നു കഴിയുമ്പോൾ നമ്മിലുള്ള അന്ധകാരമെല്ലാം നീങ്ങി നാം നേർവഴിയെ സഞ്ചരിക്കുവാൻ തുടങ്ങും. ഈ വചനങ്ങളാൽ ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ നേർവഴി നടത്തുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

**യെശെയ്യാവ് 61:11**

**ഭൂമി തൈകളെ മുളപ്പിക്കുന്നതുപോലെയും തോട്ടം അതിൽ വിതെച്ച വിത്തിനെ കിളിർപ്പിക്കുന്നതുപോലെയും യഹോവയായ കർത്താവു സകലജാതികളും കാൺകെ നീതിയെയും സ്തുതിയെയും മുളപ്പിക്കും**

**ബ്രദർ ബിനു ബേബി ആലപ്പുഴ 103**